# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6160** **20.11.2019-ലെ മറുപടിയ്ക്ക്**

## <u>സംസ്ഥാനത്തെ വനവിസ്തൃതി</u>

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.അനിൽ അക്കര**

**അഡ്വ. കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നിലവിലുള്ള വന വിസ്തൃതി എത്രയാണ്; ഇത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണോ; വ്യക്തമാക്കാമോ; | (എ) | 2017-18 ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി, 11521.813 ചതുരശ്ര കിലോമീറ്ററാണ്. ഇത് കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.65 ശതമാനം ആണ്. ഇത് ദേശീയ ശരാശരിയായ 23.24 ശതമാന ത്തേക്കാൾ കൂടുതലാണ്. |
| (ബി) | സംസ്ഥാനത്ത് ശോഷണം സംഭവിച്ച വനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്ത് ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിനും ജൈവ സംരക്ഷണത്തിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 6 നാഷണൽ പാർക്കുകളും 17 വന്യജീവി സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവ്വും നിലവിലുണ്ട്. ടി നാഷണൽ പാർക്കുകളിലും വന്യജീവി സങ്കേതങ്ങളിലും കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി പ്രത്യേക പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ജൈവ വൈവിധ്യ സംരക്ഷണമാണ് ടി പദ്ധതി കളുടെയെല്ലാം മുഖ്യലക്ഷ്യം. കൂടാതെ കൺസർവേഷൻ ഓഫ് ബയോ ഡൈവേഴ്സിറ്റി എന്ന പദ്ധതിയും സംസ്ഥാനത്ത് നിലവിലുണ്ട്. പ്രൊജക്ട് എലിഫന്റ്, പ്രൊജക്ട് ടൈഗർ, നീലഗിരി ബയോസ്ഫിയർ റിസർവ്വ്, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് തുടങ്ങിയ പദ്ധതികളുടെ കീഴിലും ജൈവവൈവിധ്യ സംരക്ഷണം നടപ്പാക്കിവരുന്നു. ടെറിട്ടോറിയൽ ഡിവിഷനു കളിൽ ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഗ്രീൻ ഇന്ത്യ മിഷന്റെ കീഴിൽ വനസംരക്ഷണ സമിതികളുടെ സഹായ ത്തോടുകൂടി ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ചെയ്തു |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ വനമേഖലകളിലും കാട്ടുതീ സംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കുന്നു. ശോഷിത വനമേഖലകളിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങളും ചെയ്യുന്നു. |
| (സി) | വനാതിർത്തികൾ വേർതിരിക്കുന്നതിന് ജണ്ടകൾ ആവശ്യമായ സ്ഥലങ്ങളിൽ കെട്ടുന്നതിനും, വനം കയ്യേറ്റം തടയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ജണ്ട കെട്ടി വനം സംരക്ഷിക്കുന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സമയബന്ധിതമായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. പ്രകൃത്യാലുള്ള ഉൾപ്പെടെ ഇതിൽ 15,533 - കിലോമീറ്ററോളം വനാതിർത്തി 31.03.2019 വരെ ജണ്ടകെട്ടി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 01.04.2019 -ൽ ജണ്ട കെട്ടി തിരിക്കുവാനായി ഉദ്ദേശം 1313 കി.മീ അവശേഷിക്കുന്നു. 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. ഈ വർഷം (2019-20), 14,000 ജണ്ടകൾ (ഉദ്ദേശം 660 കി.മീറ്റർ) സ്ഥാപിച്ച് വനാതിർത്തി വേർതിരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. 01.04.2020 ൽ അവശേഷിക്കുന്നതായി കണക്കാക്കുന്ന 653 കി.മീറ്റർ വനാതിർത്തികളിൽ കോടതി സ്റ്റേകളില്ലാത്ത ഭാഗങ്ങളിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>വനം കൈയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചു വരുന്നു. വന സംരക്ഷണത്തിനും, വന പരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ / സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കൈയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു. ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും |

<table>
<tr><td></td><td></td><td></td><td>വനാതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ / കയ്യാലകൾ നിർമ്മിച്ചും, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും വനാതിർത്തി സംരക്ഷി ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ഡി)</td><td>ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചു വെന്ന് വെളിപ്പെടുത്തുമോ?</td><td>(ഡി)</td><td>ഈ സർക്കാർ നിലവിൽ വന്നശേഷം 46.98696 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>വനം സർക്കിൾ</th><th>ഒഴിപ്പിച്ച വനഭൂമിയുടെ വിസ്തൃതി (ഹെക്ടറിൽ)</th></tr>
<tr><td>സതേൺ സർക്കിൾ</td><td>0.81</td></tr>
<tr><td>ഹൈറേഞ്ച് സർക്കിൾ</td><td>3.86</td></tr>
<tr><td>സെൻട്രൽ സർക്കിൾ</td><td>0.0234</td></tr>
<tr><td>ഈസ്റ്റേൺ സർക്കിൾ</td><td>22.8395</td></tr>
<tr><td>നോർത്തേൺ സർക്കിൾ</td><td>18.24</td></tr>
<tr><td>ഫീൽഡ് ഡയറക്ടർ, കോട്ടയം</td><td>0</td></tr>
<tr><td>വൈൽഡ് ലൈഫ് പാലക്കാട്</td><td>1.21406</td></tr>
<tr><td>ആകെ</td><td>46.98696</td></tr>
</table>
</td></tr>
</table>

**സെക്ഷൻ ഓഫീസർ**